കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# വട്ടംകുളം ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
E-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.10/418/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 25-03-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വട്ടംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടംകുളം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എൽ.4/19

നം.കെ.എസ്.എ.എം.പി.എം.10/418/2019 തിയ്യതി:25-03-2019

# മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. 13-09-2017 മുതൽ 16.2.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-2-2019മുതൽ 1-3-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സി.അബ്ദുൽ ഗഫൂർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.മൂസ.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.പി.സന്തോഷ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം (പിൻ കോഡ് സഹിതം) |
|---|---|---|---|
| ശ്രീമതി.ശ്രീജ | 1/4/2017-31/3/2018 | പ്രസിഡണ്ട്<br>വട്ടംകുളം ഗ്രാമപഞ്ചായത്ത് | പാറക്കൽ, മൂതൂര് പി.ഒ, മലപ്പുറം ജില്ല, 679587 |

നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.കെ.രാധാകൃഷ്ണൻ (ചാർജ്) | 1/4/2017-11/4/2017,<br>23.4.17- 27.4.17 |
| | ശ്രീ.രാജേഷ്.എം | 12.4.2017 -22.4.2017 |

| | | |
|---|---|---|
| | ശ്രീ.കെ.രവീന്ദ്രൻ, സെക്രട്ടറി | 28/4/17 – 31/3/2018 |
| അസി.എഞ്ചിനീയർ | ശ്രീ.സന്തോഷ് കുമാർ.എം.കെ | 1/4/2017-31/3/2018 |
| വി.ഇ.ഒ | ശ്രീ.സി.പി അജേഷ് | 1/4/2017-31/3/2018 |
| മെഡിക്കൽ ഓഫീസർ | ഡോ.മിർഫതി ഇബ്രാഹിം | 1/4/2017-9/4/2017 |
| | ഡോ.നീമ വേണുഗോപാൽ | 10/4/2017-31/3/2018 |
| വെറ്ററിനറി സർജൻ | ഡോ. വി.കെ.പി മോഹൻ കുമാർ, | 1/4/2017-31/3/2018 |
| കൃഷി ഓഫീസർ | ശ്രീമതി.അനശ്രീ | 1/4/2017-29/7/2017 |
| | ഒഴിവ് | 30.7.2017- 17.9.2017 |
| | ശ്രീമതി.സുകന്യ എസ്.ധരൻ | 18.9.2017- 31.10.2017 |
| | ശ്രീമതി.ശ്യാമ എസ്.മേനോൻ | 1.11.2017- 4.2.2018 |
| | ശ്രീമതി.ഷീബ.ബി.എസ് | 5/2/2018-31/3/2018 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | ശ്രീമതി. നീന.കെ | 1/4/2017- 31/3/2018 |
| അസി.സെക്രട്ടറി | ശ്രീ.രാധാകൃഷ്ണൻ.കെ.കെ | 1/4/2017-31/3/2018 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.റാണി കോമളം.പി | 1/4/2017-31/3/2018 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. പ്രേമലത | 1/4/2017-31/3/2018 |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല | 2-1 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്. | 2-2 |
| 15 | വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല. | 2-3 |
| 16 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്. | 2-4 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-5 |
| 18 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-6 |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | PHC യിൽ 9 ടോയ്‌ലറ്റ് നിർമ്മാണം - അധിക നിരക്ക് നൽകി | 3-1 |
| 20 | സേവന നികുതി അടവാക്കിയ വിവരം ലഭ്യമാക്കിയില്ല. | 3-2 |
| 21 | GLPS കെട്ടിടം പുനരുദ്ധാരണം - അധിക നിരക്ക് നൽകി | 3-3 |
| 22 | പദ്ധതി നിർവ്വഹണം-അവലോകനം | 3-4 |
| 23 | കുടുംബശ്രീ യൂനിറ്റുകൾക്കുള്ള നെൽകൃഷി വികസന പദ്ധതി -ചെലവ് വിവരം ഹാജരാക്കിയില്ല. | 3-5 |
| 24 | കുടുംബശ്രീ യൂനിറ്റുകൾക്കുള്ള പച്ചക്കറി വികസന പദ്ധതി -വിതരണ വിവരം | 3-6 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ്. | |
| 25 | തുടർ സാക്ഷരതാ പദ്ധതി - രേഖകൾ ഹാജരാക്കേണ്ടതാണ്. | 3-7 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ടുകൾ - അവലോകനം | 3-8 |
| 27 | MGNREGS പ്രവൃത്തികൾ - അപാകതകൾ | 3-9 |
| 28 | പൊതു സ്ഥാപനങ്ങളിൽ ബയോ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ പ്രവർത്തി നടപ്പിലായില്ല. | 3-10 |
| 29 | ഹാന്റ് പമ്പ് റിപ്പയർ തുക തിരികെ ലഭ്യമാകാനുള്ളത് | 3-11 |
| 30 | പി.എം.എ.വൈ പദ്ധതി വിനിയോഗസാക്ഷ്യപത്രം മുഴുവൻ ലഭ്യമാക്കിയില്ല. ചെലവു തുക തടസ്സം ചെയ്യുന്നു. | 3-12 |
| 31 | ലൈബ്രറി സെസ് അടവാക്കിയില്ല. | 3-13 |
| 32 | വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അടവാക്കിയത്- സംബന്ധിച്ച് | 3-14 |
| 33 | പേ-റിവിഷൻ അരിയർ- ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല. | 3-15 |
| 34 | മരുന്ന്, ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. | 3-16 |
| ഭാഗം IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ചാർജ്, സർചാർജ് നടപടികളുടെ വിവരം | 4-8 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 46 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 47 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 48 | ബാലൻസ് ഷീറ്റ് | 4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് 12/02/2019 തിയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31.7.2018 | 20.6.2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.08.2018 മുതൽ 14-08-2018 വരെ | കെ.എസ്.എ.എം.പി.എം.10/1553/2018 തീയതി 15-09-2018 |

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2017-18 | |
|---|---|
| മുന്നിരിപ്പ് | 30570409 |
| വരവ് | 87035191 |
| ആകെ | 117605600 |
| ചെലവ് | 80854377 |
| നീക്കിയിരിപ്പ് | 36751223 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14238000 | 14238000 | 12016122 | 2221878 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10154796 | 10154796 | 9536131 | 618665 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 8996 | 8996 | 0 | 8996 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 18406000 | 18406000 | 18395753 | 10247 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3205000 | 3205000 | 2239191 | 965809 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6687614 | 6687614 | 6680971 | 6643 |
| സാക്ഷരത | 8942 | 0 | 8942 | 0 | 8942 |
| ദുരിതാശ്വാസ നിധി (PDRF) | 36307 | 1004 | 37311 | 13750 | 23561 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 16666347 | 16666347 | 16666347 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിമിനിസ്റ്റേറ്റീവ് ചെലവ്) | 20021 | 964638 | 984659 | 957114 | 27545 |
| ഐ സി ഡി എസ് | 561634 | 722970 | 1284604 | 0 | 1284604 |
| കേന്ദ്രാവിഷ്കൃത പദ്ധതി (TSC) | 318605 | | | 0 | 318605 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക്) | 0 | 2172500 | 2172500 | 1669000 | 503500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | 0 | 1390000 | 1390000 | 1386500 | 3500 |
| ബി ഫണ്ട് | 0 | 70989860 | 70989860 | 70989860 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി ടി.എസ്.ബി) | 18353167 | 11505000 | 29858167 | 12885545 | 16972622 |
| തനത് ഫണ്ട്- ബാങ്ക് അക്കൗണ്ട് | 11788162 | 23418940 | 35207102 | 16686314 | 18520788 |
| തനത് ഫണ്ട്- ട്രഷറി അക്കൗണ്ട് | 18353167 | 22441907 | 40795074 | 23822452 | 16972662 |

RP 29 പ്രകാരം യഥാർത്ഥ ചെലവ് 2,500 രൂപ മാത്രമാണ്. ACR പ്രകാരമുള്ള ജനറൽ പർപ്പസ് ഫണ്ട് വരവ്, ചെലവ്, നീക്കിബാക്കി എന്നിവ എ.എഫ്.എസ് മായി പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 269 | 114381806 | 198 | 59917853 | 44 | 27 | 73.6 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 20021 | 964638 | 984659 | 957114 | 27545 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 16666347 | 16666347 | 16666347 | |

## 1-8 ക്ഷേമപദ്ധതികൾ 2017-18

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 47760 | 83 |
| കർഷക തൊഴിലാളി വേതനം | 3609400 | 312 |
| വിധവാ പെൻഷൻ | 1389200 | 1192 |
| വാർദ്ധക്യകാല പെൻഷൻ | 59519800 | 2432 |
| വികലാംഗ പെൻഷൻ | 4345700 | 363 |
| വിധവാ വിവാഹ ധനസഹായം | 570000 | 25 |
| 50 വയസ്സിനു മുകളിൽ.....സഹായം | 1178000 | 101 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-02-19 ന് 10.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,305/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ഫയലുകളുടെ സൂക്ഷിപ്പ്

ഗ്രാമ പഞ്ചായത്തിന്റെ ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ അപാകതകൾ വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടക്കുന്നു.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ഹെഡ്മാസ്റ്റർ എന്നിവർ TR-7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. കൃഷിഓഫീസർ, ഹെഡ്മാസ്റ്റർ എന്നിവർ പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അടിസ്ഥാന സൗകര്യങ്ങൾ

ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടില്ല. യാതൊരു സൗകര്യവും

ഇല്ലാതെയാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നത്. ഭരണസമിതി യോഗം ചേരുന്നതിന് സൗകര്യമുള്ള മീറ്റിങ് ഹാൾ പഞ്ചായത്തിൽ ഇല്ല. സെക്ഷനുകളിലെ ഫയലുകൾ സൂക്ഷിക്കുന്നതിനും മറ്റും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/02/2019 | 01/2019 | 11/02/2019 |
| എ.ജി ഓഡിറ്റ് | 12/05/2008-24/05/2008 | 1997-98 മുതൽ 2007-08 വരെ | 09/07/2008 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

വട്ടംകുളം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുമ്പ് ആർജ്ജിച്ച സ്ഥാവര ജംഗമ ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. 2016-17 വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള 350410102, 350410307, 350410401, 431190101, 431300101, 431400101 എന്നീ അക്കൗണ്ട് ഹെഡ്ഡിലെ തുകകൾ 2017-18 വർഷത്തെ ലഡ്ജർ മുന്നിരിപ്പ് / ട്രയൽ ബാലൻസിലെ മുന്നിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ ( Liability in respect of stale cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

4.വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക, തൻവർഷ ഡിമാന്റ്, ബാലൻസ് എന്നിവ സഞ്ചയ പ്രകാരമുള്ള കണക്കുകളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻ വർഷത്തേക്കുള്ള പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല. I-16 ഷെഡ്യൂൾ.

6.ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കണക്കാക്കിയത് സംബന്ധിച്ച രേഖകളോ ആസ്തി രജിസ്റ്ററോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7, ബി-18 എന്നിവയിലെ തുകകളുടെ ആധികാരികത ഉറപ്പു വരുത്താനായിട്ടില്ല.

7.ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ Advance to implementing agencies എന്ന ശീർഷകത്തിലെ ചെലവ് സംബന്ധിച്ച വിവരം പരിശോധനക്ക് സാധ്യമായില്ല.

8. കുടിശ്ശിക ഡിമാന്റ്, തൻവർഷ ഡിമാന്റ് എന്നിവ വാർഷിക കണക്കുകളും ഡിമാന്റ് രേഖകളുമായി പൊരുത്തപ്പെടാത്തതിനാൽ State Government Cess/Levies in property tax (library cess) എന്നതിന്റെ കൃത്യത പരിശോധന സാധ്യമല്ല.

9.വാർഷിക ധനകാര്യ പത്രികയോടൊപ്പം കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

10. 2016-17 വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

11. സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ നൽകിയ തുകകൾ വാർഷിക കണക്കിലെ RP-19, RP-7 ൽ ഉൾപ്പെടുത്തിയിട്ടില്ല. DBT വഴി നൽകിയ പെൻഷൻ തുകകളിൽ കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ഫിസിക്കലി ചാലഞ്ച്ഡ് പെൻഷൻ എന്നിവ വാർഷിക കണക്കുകളിലെ I-14d ഷെഡ്യൂളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

12. പണമിടപാടുകൾ നടക്കാത്ത SMGB-Pension, PNB -SSA അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.
13. PDRF യഥാർത്ഥ ചെലവ് RP 29 പ്രകാരം 2,500 രൂപയാണ്. ആയത് നീക്കിയിരിപ്പ് 34,811 രൂപയാണ്. എന്നാൽ RP 40 (b) പ്രകാരം ആയത് 23561 രൂപയാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തി പദ്ധതികൾ ഇ- ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത്. നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ജില്ലാ പഞ്ചായത്തിലുള്ള അക്കൗണ്ടിലാണ് ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോം വില കരാറുകാർ അടവാക്കുന്നത്. ഈ തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുന്നതിന് ഗ്രാമ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട വരുമാനം നഷ്ടമാവുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

2.10.2017 ലെ സ.ഉ (സാധാ) നമ്പർ 3186/17 നമ്പർ ഉത്തരവ് പ്രകാരം ഇ- ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു അക്കൗണ്ട് ആരംഭിക്കുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുള്ളതാണ്. ഭാവിയിൽ ഗ്രാമ പഞ്ചായത്തിലെ ഇ- ടെണ്ടർ മുഖേനയുള്ള പ്രൊജക്ടുകളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ മാത്രം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇ – ടെണ്ടർ മുഖേന നടപ്പിലാക്കിയ ഏതാനും പ്രൊജക്ടുകളും അവയുടെ ടെണ്ടർ ഫോം വിലയും ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | എസ്റ്റിമേറ്റ് തുക | ലഭ്യമായ ടെണ്ടറുകൾ | ടെണ്ടർഫോം വില (GST ഉൾപെടെ) | ആകെ |
|---|---|---|---|---|
| കോൺക്രീറ്റ് (324/18) | 200000 | 2 | 560 | 1120 |
| വെള്ളറമ്പത്ത് കോളനി റോഡ് കോൺക്രീറ്റ് (325/18) | 200000 | 2 | 560 | 1120 |
| ചെർളശ്ശേരി കോളനി റോഡ് കോൺക്രീറ്റ് (294/18) | 510000 | 4 | 1008 | 4032 |
| കണ്ടാരക്കുന്ന് റോഡ് കോൺക്രീറ്റ് (309/18) | 200000 | 3 | 560 | 1680 |
| അംബേദ്കർ കോളനി റോഡ് | 200000 | 3 | 560 | 1680 |

| | | | | |
|---|---|---|---|---|
| കോൺക്രീറ്റ് (307/18) | | | | |
| പുന്നക്കൽ റോഡ് കോൺക്രീറ്റ് (330/18) | 200000 | 6 | 560 | 3360 |
| ഈസ്റ്റ് മാണൂർ റോഡ് കോൺക്രീറ്റ് (327/18) | 200000 | 6 | 560 | 3360 |
| പറക്കുന്ന് നെരപ്പുറം റോഡ് കോൺക്രീറ്റ് (334/18) | 200000 | 4 | 560 | 2240 |
| ആകെ | | | | 18592 |

7 /23.2.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നത് പ്രത്യേകമായി നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം മൂന്ന് വർഷത്തിനുള്ളിൽ ഡിമാന്റ് ചെയ്യാതിരുന്നാൽ നികുതിദായകരിൽനിന്നും നിയമപരമായി കുടിശ്ശിക വസൂലാക്കാൻ കഴിയില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി അടവാക്കുന്നതിൽ നിരവധി കമ്പനികൾ വീഴ്ച വരുത്തുന്നുണ്ട്. വട്ടംകുളം ഗ്രാമപഞ്ചായത്തിൽ ആകെയുള്ള പത്ത് മൊബൈൽ കമ്പനികളിൽ ആറ് എണ്ണം നടപ്പ് സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി അടവാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന നാല് കമ്പനികളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നികുതി ഒടുക്കുന്നത് കൃത്യമായി നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കുകയും വസ്തുനികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന കമ്പനികൾക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 13/26-2-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-3 വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല.

ഭാരതീയ വിദ്യാഭവൻ നടക്കാവ് എന്ന സ്ഥാപനത്തിലെ ചുവടെ ചേർത്ത ജീവനക്കാരിൽനിന്ന് 2017-18 രണ്ടാം അർദ്ധവർഷത്തിൽ വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| | ജീവനക്കാരന്റെ പേര് | തസ്തിക | മാസ വരുമാനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത്/ 500115,5001116/ 10.2.2018 | കുറവ് |
|---|---|---|---|---|---|---|---|
| 1. | സവിത | ടീച്ചർ | 7850 | 47100 | 450 | 300 | 150 |
| 2. | സനീഷ് | ടീച്ചർ | 10000 | 60000 | 600 | 450 | 150 |
| 3. | രേഷ്മ | ടീച്ചർ | 10000 | 60000 | 600 | 450 | 150 |
| 4. | സീമ | ടീച്ചർ | 10000 | 60000 | 600 | 450 | 150 |
| 5. | രോഹിത | ടീച്ചർ | 10000 | 60000 | 600 | 450 | 150 |
| 6. | മീര | ടീച്ചർ | 10000 | 60000 | 600 | 450 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7. | സനീഷ്. കെ.എസ് | ഓഫീസ് അറ്റന്റന്റ് | 10000 | 60000 | 600 | 450 | 150 |
| 8. | ജിത്തു | ഓഫീസ് അറ്റന്റന്റ് | 10000 | 60000 | 600 | 450 | 150 |
| 9. | സ്മിത | ടീച്ചർ | 7500 | 45000 | 450 | 300 | 150 |
| | ആകെ | | | | | | 1350 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-20/27.2.2019) നൽകിയ മറുപടിയിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. ഈടാക്കിയതിൽ കുറവ് വന്ന 1350 രൂപ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷികകണക്ക് പ്രകാരം റസിഡൻഷ്യൽ ബിൽഡിംഗുകളുടെ വസ്തു നികുതി തൻവർഷം 174804 രൂപയും കുടിശ്ശിക 687538 രൂപയും ഉൾപ്പടെ 862342 രൂപയും നോൺ റസിഡൻഷ്യൽ ബിൽഡിംഗുകളുടേത് തൻവർഷം 294879 രൂപയും കുടിശ്ശിക 1247587 രൂപയും ഉൾപ്പടെ 1542466 രൂപയും പിരിച്ചെടുക്കാനവശേഷിക്കുന്നു. സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി ആയത് പൊരുത്തപ്പെടുന്നില്ല. സഞ്ചയ പ്രകാരം തൻവർഷം 312197 രൂപയും കുടിശ്ശിക 729510 രൂപയും അവശേഷിക്കുന്നു. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-20/27.2.2019) നൽകിയ മറുപടിയിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | ബജാജ് അലയൻസ് | 2017-18 (രണ്ട്) |
| 2. | മലയാളം ബെനിഫിറ്റ് ഫണ്ട് | 2017-18 (രണ്ട്) |

## 2-6 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-20/27.2.2019) നൽകിയ മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | ബജാജ് അലയൻസ് | 2017-18 ഒന്നും രണ്ടും |
| 2. | മുത്തൂറ്റ് ഫിനാൻസ് | 2017-18 രണ്ട് |
| 3. | മഹേന്ദ്ര &മഹേന്ദ്ര ഫിനാൻസ് | 2017-18 ഒന്നും രണ്ടും |
| 4. | UAE..EXCHANGE | 2017-18രണ്ട് |

| | | |
|---|---|---|
| 5. | ചെമ്മണ്ണൂർ ക്രഡിറ്റ്സ് | 2017-18 ഒന്ന് |
| 6. | മഹേന്ദ്ര റൂറൽ ഹൗസിങ് ഫിനാൻസ് | 2017-18 ഒന്നും രണ്ടും |
| 7. | മലയാളം ബെനിഫിറ്റ് ഫണ്ട് | 2017-18 ഒന്നും രണ്ടും |
| 8. | മാബേൻ നിധി ലി. | 2017-18 ഒന്ന് |
| 9. | കുമാർ പെട്രോളിയം | 2017-18 ഒന്നും രണ്ടും |
| 10. | പോപ്പുലർ വെഹിക്കിൾസ് | 2017-18 രണ്ട് |
| 11. | സുന്ദരം ഫിനാൻസ് | 2017-18 ഒന്നും രണ്ടും |
| 12. | ഗോൾഡൻ മോട്ടോഴ്സ്, എടപ്പാൾ | 2017-18 ഒന്നും രണ്ടും |
| 13. | ക.വി.ആർ ഓട്ടോ കാർസ് | 2017-18 ഒന്നും രണ്ടും |
| 14. | ശുകപുരം കുറീസ് | 2017-18 ഒന്നും രണ്ടും |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 PHC യിൽ ടോയ്‌ലറ്റ് നിർമ്മാണം - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എച്ച്.സി.യിൽ ടോയ്‌ലറ്റ് നിർമ്മാണം (09/18) എന്ന പ്രവൃത്തിയിൽ സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ പടവ്, സോളിഡ് ബ്ലോക്ക് മേസനറി എന്നിവക്ക് അധിക നിരക്കിൽ തുക നൽകിയത് വഴി കരാറുകാരന് 7779 രൂപ അധികം നൽകാനിടയായി.

പ്രവൃത്തിയുടെ 3-ാം ഇനമായി ചെയ്ത സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ പടവിന് DSR 7.2.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് തറ നിരപ്പിന് മുകളിൽ രണ്ടാം നിലവരെയുള്ള പടവിന് നൽകുന്ന നിരക്കാണ്. ഈ പ്രവൃത്തിയിൽ DSR 7.1.1 പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്.

പ്രവൃത്തിയുടെ 5-ാം ഇനമായി സിമന്റ് ബ്ലോക്ക് ഉപയോഗിച്ചുള്ള പടവിന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ലഭ്യമായ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.6.1.6 പ്രകാരമുള്ള നിരക്കാണ് നൽകിയത്. ഇത് രണ്ടാം നിലക്ക് മുകളിൽ 5-ാം നില വരെയുള്ള പടവിന് നൽകാവുന്ന നിരക്കാണ്. ഈ പ്രവൃത്തിയിൽ തറ നിരപ്പിന് മുകളിലുള്ള പടവിന് നൽകാവുന്ന 50.6.1.5 ഡാറ്റാ പ്രകാരമുള്ള നിരക്കാണ് അനുവദനീയമായത്.

അധിക നിരക്കിൽ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| PHC യിൽ ടോയ്‌ലറ്റ് നിർമ്മാണം ( 9/18). | R.R മേസനറി | $3.62M^3$ | 19962 @6353.06 | 16767 @5336.06 | 3195 |

| | | | | | |
|---|---|---|---|---|---|
| കരാറുകാരൻ ശ്രീ.എം.കൃഷ്ണദാസ്. (13.2% കുറവ്)<br>അളവ് പുസ്തകം 119/16-17<br>ബിൽ 29/11.1.2018 തുക 326933<br>DSR 2014 cost index 36.19% | | | ടെണ്ടർ കുറവിന് ശേഷം | ടെണ്ടർ കുറവിന് ശേഷം | |
| | സോളിഡ് ബ്ലോക്ക് മേസനറി | $8.98M^3$ | 47317<br>@6070.39<br>ടെണ്ടർ കുറവിന് ശേഷം | 42733<br>@5483.32<br>ടെണ്ടർ കുറവിന് ശേഷം | 4584 |
| ആകെ | | | | | 7779 |

8/5.2.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 സേവന നികുതി അടവാക്കിയ വിവരം ലഭ്യമാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ വകയിരുത്തിയ സേവന നികുതി തുക കരാറുകാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാർ സേവന നികുതി അടവാക്കിയതിന്റെ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

സേവന നികുതി അടവാക്കിയ വിവരം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം പ്രസ്തുത തുക കരാറുകാരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | കരാറുകാർക്ക് നൽകിയ സേവന നികുതി |
|---|---|
| GLPS കെട്ടിട പുനരുദ്ധാരണം (145/18)<br>കരാറുകാരൻ ശ്രീ. റഫീഖ്.കെ.എ<br>ബിൽ. 21/12.10.17 തുക. 189817 | 20484 |
| കൃഷി ഭവൻ ഭൗതിക സാ ഹചര്യം മെച്ചപ്പെടുത്തൽ (127/18)<br>കരാറുകാരൻ ശ്രീ. റഫീഖ്.കെ.എ<br>ബിൽ. 26/19.1.18 തുക. 135211 | 12848 |
| വെറ്റനറി ട്രൈനിങ് ഹാൾ മെച്ചപ്പെടുത്തൽ (128/18)<br>കരാറുകാരൻ ശ്രീ. റഫീഖ്.കെ.എ<br>ബിൽ. 28/11.10.18 തുക. 8313<br>ബിൽ. 29/11.1.18 തുക. 164000 | 19172 |
| ആകെ | 52504 |

8 /23.2.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

## 3-3 GLPS കെട്ടിടം പുനരുദ്ധാരണം - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജി.എൽ.പി.എസ്. കെട്ടിട പുനരുദ്ധാരണം (145/18) എന്ന പ്രവൃത്തിയിൽ ഇനം 3 ആയി സ്കൂളിന്റെ മേൽക്കൂരയിൽ Gi പൈപ്പ് ഉപയോഗിച്ച് പർലിൻ നിർമ്മിച്ചതിന് അധിക നിരക്കിൽ തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 11629രൂപ അധിക ചെലവുണ്ടായി.

പർലിൻ/സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ ലഭ്യമായ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. എന്നാൽ മേൽ പരാമർശിച്ച ഇനത്തിന് ട്രസ്സ് വർക്കിന് ബാധകമായ 50.10.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് അനുവദനീയമല്ല.

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് (പർലിൻ) | നൽകിയ തുക (code50.10.1) @150.15/Kg | നൽകാവുന്ന തുക (code 50.10.2) @ 123.18/Kg | അധികം |
|---|---|---|---|---|
| GLPS കെട്ടിടം പുനരുദ്ധാരണം (145/18).<br>കരാറുകാരൻ ശ്രീ.റഫീഖ.കെ.എ (13.2% കുറവ്)<br>അളവ് പുസ്തകം 79/17-18<br>ബിൽ 21/12.10.2017 തുക 189817<br>DSR 2014 cost index 36.19% | 496.75/Kg | 64742 (13.2% ടെണ്ടർ കുറവിന് ശേഷം) | 53113 (13.2% ടെണ്ടർ കുറവിന് ശേഷം) | 11629 |
| ആകെ | | | | 11629 |

10/26.2.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 പദ്ധതി നിർവ്വഹണം-അവലോകനം

2017-18-ൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു

| നിർവ്വഹണം | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 6497500 | 6359087 | 97.8 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 10 | 8 | 3765185 | 2062335 | 54.7 |
| ഹെഡ്മാസ്റ്റർ | 8 | 7 | 3259000 | 2553194 | 78.3 |
| അസി.എഞ്ചിനീയർ | 186 | 124 | 67318565 | 23266193 | 34.5 |
| വി.ഇ.ഒ | 9 | 9 | 9686000 | 7637500 | 78 |
| ഐ.സി.ഡി.എസ് | 5 | 5 | 4699600 | 4506093 | 95.8 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 625000 | 450000 | 72 |
| അസി.സെക്രട്ടറി | 8 | 8 | 5020000 | 4999771 | 99.5 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8 | 8 | 1736460 | 1566603 | 90.2 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 677000 | 677000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| സെക്രട്ടറി | 24 | 18 | 10797496 | 5540077 | 51.3 |
| ആകെ | 269 | 198 | 114381806 | 59917853 | 52.3 |

ആകെ 52.3 % തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 269 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും ആയതിൽ 71 പദ്ധതികൾ നടപ്പിലാകാതെ പോയത് പരിശോധിക്കപ്പെടേണ്ടതാണ്. ലഭ്യമായ ഫണ്ടുകൾ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം, പദ്ധതി രൂപീകരണം

ആകെ 12 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിച്ചിട്ടുള്ളത്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 2 പ്രാവശ്യമാണ് കൂടിയിട്ടുള്ളത്. ചില വർക്കിംഗ് ഗ്രൂപ്പ് മിനട്സ് എഴിയിട്ടില്ല. (ഉദാ:- പൊതുമരാമത്ത് 1.3.17, പ്രാദേശിക സാമ്പത്തിക വികസനം 1.3.7, 24.4.17, വിദ്യാഭ്യാസം കലാസാംസ്കാരികം, 8.3.17). പഞ്ചായത്തിന്റെ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങൾ മിക്ക വർക്കിംഗ് ഗ്രൂപ്പിൽനിന്നും സമർപ്പിച്ചിട്ടുണ്ടെങ്കിലും ചില മേഖലകളിൽ അനിവാര്യമായ പദ്ധതികൾ പോലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. (ഉദാ:- കുടിവെള്ള ശുചിത്വ മേഖലയിൽ വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്ന സംവിധാനം, വനിതാ വികസന മേഖലയിൽ ജാഗ്രതാ സമിതി പുന:സംഘടന തുടങ്ങിയവ.) എന്നാൽ പട്ടികജാതി, മൃഗസംരക്ഷണം തുടങ്ങിയ മേഖലയിൽ മിക്ക നിർദ്ദേശങ്ങളും പദ്ധതികളായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. വനിത വികസനവുമായി ബന്ധപ്പെട്ട് ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ, ജെന്റർ റിസോഴ്സ് സെന്റർ, ജെന്റർ ഡെസ്ക് രൂപീകരണ

പ്രവർത്തനങ്ങൾ എന്നിവയിൽ ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകളൊന്നും ഉൾപ്പെടുത്താനായിട്ടില്ല.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷൻ, അസി.സെക്രട്ടറി, കൺവീനർ, ഐ സി ഡി എസ് സൂപ്പർവൈസർ, സി ഡി എസ് ചെയർപേഴ്സൺ, രണ്ട് വനിതാ മെമ്പർമാർ, സന്നദ്ധ പ്രവർത്തകരായ വനിതകൾ, വിദഗ്ധർ അടക്കം 15 അംഗങ്ങളുള്ള ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിക്കാനാണ് നിർദ്ദേശമുള്ളത്. ബന്ധപ്പെട്ട ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റി മിനിട്സ് തീരുമാനങ്ങൾ പരിശോധിച്ചതിൽ 5.2.18-ൽ കൂടിയ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പിൽ, സെന്റർ രൂപീകരിക്കുന്നതിന് തീരുമാനിച്ചെങ്കിലും തുടർന്ന് ഗ്രാമപഞ്ചായത്തിൽ ഒരു പ്രവർത്തനവും നടന്നതായി രേഖയില്ല. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിനായി 2 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശമുള്ളതാണ്.

സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പ് വരുത്താനായി കേരള സംസ്ഥാന വനിതാ കമ്മീഷന്റെ പ്രാദേശിക ഘടകമായി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്താനായി 1.3.17 -ൽ കൂടിയ വനിത വികസനം വർക്കിംഗ് ഗ്രൂപ്പ് തീരുമാനിച്ചെങ്കിലും പദ്ധതി തുക വിനിയോഗിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിച്ച് സ്ത്രീകളുടെ സാമൂഹ്യ പദവി പഠനം പൂർത്തിയാക്കാനും സ്കൂളുകളിൽ വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കും കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കും ഉൾപ്പെടെ സ്ത്രീസുരക്ഷക്കായുള്ള ജാഗ്രതാ സമിതിയുടെ പ്രവർത്തനം നിർദ്ദേശിക്കപ്പെട്ട രീതിയിൽ തന്നെ മുന്നോട്ട് നയിക്കാനുള്ള ആസൂത്രണം അനിവാര്യമാണ്.

വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനായി വനിതാ വികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മേഖലയിലെ നിലവിലെ അവസ്ഥ കൃത്യമായി പഠിച്ചും നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും അത്തരം പ്രോജക്ടുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പ് വരുത്താൻ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഫലപ്രദമായ മേൽനോട്ടവും ഉണ്ടാവേണ്ടതാണ്.

## 3-5 കുടുംബശ്രീ യൂനിറ്റുകൾക്കുള്ള നെൽകൃഷി വികസനപദ്ധതി -ചെലവ് വിവരം ഹാജരാക്കിയില്ല.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജെക്റ്റിന്റെ വിവരങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്.

| വർഷം | 2017-18 |
|---|---|
| പ്രോജെക്റ്റ്നമ്പർ | 183/17-18 |
| പ്രോജെക്റ്റിന്റെ പേര് | കുടുംബശ്രീ യൂനിറ്റുകൾക്കുള്ള നെൽകൃഷി വികസനപദ്ധതി |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസനസ്റ്റാന്റിംഗ് കമ്മിറ്റി-1/18-4-17 |
| അടങ്കൽ | 350000-വികസനഫണ്ട്<br>125000-ബ്ലോക്ക് വിഹിതം<br>127500-ജില്ലാ പഞ്ചായത്ത് |
| ചെലവ് വിവരം | 255000 രൂപ വികസന ഫണ്ട്<br>ബിൽ നമ്പർ-1105899/17-18 തി 8-3-18<br>90562 രൂപ വികസനഫണ്ട്<br>ബിൽ നമ്പർ 2/17-18 തി.31-3-18<br>125000രൂപ ബ്ലോക്ക് വിഹിതം |

| | |
|---|---|
| | ചെക്ക് നമ്പർ-0017487/2-3-18<br>127500-ജില്ലാ പഞ്ചായത്ത് വിഹിതം<br>ചെക്ക് നമ്പർ-0017488/3-3-18 |

നെൽകൃഷി വികസന പദ്ധതിക്കായി 33 കുടുംബശ്രീ യൂനിറ്റുകൾക്ക് വികസനഫണ്ടിൽ നിന്ന് 255000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 125000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 127500 രൂപയും കൂലിച്ചെലവിന് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. എന്നാൽ വികസനഫണ്ടിൽ നിന്നുള്ള 90562 രൂപയുടെ ചെലവ് വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച നമ്പർ 12/26-2-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 90562 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 കുടുംബശ്രീ യൂനിറ്റുകൾക്കുള്ള പച്ചക്കറി വികസനപദ്ധതി -വിതരണവിവരം ലഭ്യമാക്കേണ്ടതാണ്.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജെക്ടിന്റെ വിവരങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്.

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്ട്നമ്പർ | 188/17-18 |
| പ്രോജെക്ടിന്റെ പേര് | കുടുംബശ്രീ യൂനിറ്റുകൾക്കുള്ള<br>പച്ചക്കറി വികസന പദ്ധതി |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസന സ്റ്റാന്റിംഗ് കമ്മിറ്റി-1/18-4-17 |
| അടങ്കൽ | 185000-വികസനഫണ്ട്<br>35000-ബ്ലോക്ക് വിഹിതം<br>100000-മറ്റുള്ളവ |
| ചെലവ് വിവരം | 180000 രൂപ വികസന ഫണ്ട്<br>ബിൽ നമ്പർ-1319844/17-18 തി 31-3-18<br>35000 രൂപ ബ്ലോക്ക് വിഹിതം<br>ചെക്ക് നമ്പർ-0017499/27-3-18 |

കുടുംബശ്രീ യൂനിറ്റുകൾക്ക് പച്ചക്കറിവിത്ത്, ജൈവവളം, ജൈവ കീടനീശിനി എന്നിവ നൽകുകയും കൂലിച്ചെലവിന് സബ്സിഡി നൽകുകയും ആണ് പ്രോജെക്ടിന്റെ ലക്ഷ്യം. 41 കുടുംബശ്രീ യൂനിറ്റുകൾക്ക് 160000 രൂപ വികസനഫണ്ടിൽ നിന്നും 35000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ VFPCK സീഡ് പ്രോസെസിംഗ് പ്ലാന്റ് ആലത്തൂരിൽ നിന്നും 14650 രൂപയുടെ പച്ചക്കറിവിത്തുകളും (ഇൻവോയ്സ് നമ്പർ 17-18/1872/9-1-18) കേരള അഗ്രിക്കൾച്ചർ യൂനിവേഴ്സിറ്റി അഗ്രിക്കൾച്ചർ ടെക്നോളജി ഇൻഫോർമേഷൻ സെന്റർ മണ്ണുത്തിയിൽ നിന്നും 5350 രൂപയുടെ സൗഭാഗ്യ പയർ വിത്തുകളും (ബിൽ നമ്പർ agri/17-18 50078/1-10-18) വാങ്ങിയിട്ടുണ്ട്. പച്ചക്കറി വിത്തുകളും പയർ വിത്തുകളും സ്റ്റോക്കിലെടുത്തു വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 11/26-2-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 20000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 തുടർ സാക്ഷരതാ പദ്ധതി - രേഖകൾ ഹാജരാക്കേണ്ടതാണ്.

2017-18 വർഷത്തിൽ പ്രോജെക്ട് നമ്പർ 157/18 തുടർ സാക്ഷരത പ്രകാരം ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പത്താം തരം തുല്യതാ കോഴ്സ് (12-ാം ബാച്ച്) ഒമ്പത് പഠിതാക്കളുടെ അപേക്ഷാ ഫീസ്,

രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ് എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്നും ഒരാൾക്ക് 1000 രൂപ വീതം 9000 രൂപ (ചെക്ക്നമ്പർ 0017497/26-3-18) സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. മേൽ തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ 9000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നമ്പർ 5/23-2-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-8 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ - അവലോകനം

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 186 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 124 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 33 ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 186 | ആകെ അടങ്കൽ | 67318565 |
| നടപ്പിലാക്കിയത് | 124 | ചെലവ് | 23266193 |
| ശതമാനം | 66.67 | ചെലവ് ശതമാനം | 34.56 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 71 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 19 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

തൻവർഷം പുതുതായി അംഗീകാരം ലഭിച്ച 115 പ്രൊജക്ടുകളിൽ 43 എണ്ണവും ഈ വർഷം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

സ്റ്റാന്റിങ് കമ്മിറ്റികൾ ഫലപ്രദമായി പ്രവൃത്തിക്കുന്നില്ല.

2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വികസന സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 12 തവണയാണ്. പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട വികസന സ്റ്റാന്റിങ് കമ്മിറ്റി, പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവ ചർച്ച ചെയ്തിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ, ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടുമില്ല.

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ കേവല യോഗങ്ങൾ മാത്രമായി അവസാനിച്ചിരിക്കുകയാണ്. 2017-18 പദ്ധതി രൂപീകരണത്തിലെ പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് 1.3.2017, 3.3.2017, 24.4.2017, 5.2.2018, 6.3.2018 എന്നീ തീയ്യതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. ഇവയിൽ 1.3.2017, 3.3.2017, 5.2.2018 എന്നീ തീയ്യതികളിലെ യോഗത്തിന്റെ മിനുട്സ് രേഖപ്പെടുത്തിയിട്ടില്ല. 24.4.2017, 6.3.2018 എന്നീ തീയ്യതികളിലെ യോഗത്തിന്റെ മിനുട്സ് ഉത്തരവാദിത്തപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. കുടിവെള്ളം ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് 24.4.2017, 5.2.2018, 6.3.2018 എന്നീ തീയ്യതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. ഇവയിൽ ആദ്യ യോഗത്തിൽ ഒരാൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ശേഷമുള്ള രണ്ട് യോഗങ്ങളുടെ മിനുട്സ് ഉത്തരവാദിത്തപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏതാനും പ്രവൃത്തികളുടെ പേര് എഴുതി വെച്ചു എന്നതിലപ്പുറം വർക്കിങ് കമ്മിറ്റി പദ്ധതി രൂപീകരണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

പ്രൊജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തെ ആകെ പദ്ധതി അടങ്കലിന്റെ 59% തുക അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികൾക്കായാണ് വകയിരുത്തിയിട്ടുള്ളത്. (ഗ്രാമ പഞ്ചായത്തിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും കൂടി ആകെ 269 പദ്ധതികൾ, ഇവയിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് 185 എണ്ണം).

ഈ പ്രൊജക്ടുകളെല്ലാം കൂടി നിർവ്വഹിക്കാൻ 1അസിസ്റ്റന്റ് എഞ്ചിനീയറും 1ഓവർസിയറും മാത്രമാണ് ഓഡിറ്റ് വർഷത്തിൽ എഞ്ചിനീയറിങ് വിഭാഗത്തിൽ ഉണ്ടായിരുന്നത്.

പരിമിതമായ ജീവനക്കാരെ വെച്ച് ഇത്രയും വലിയ തോതിലുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നത് പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായിട്ടുണ്ട് എന്ന് വ്യക്തമാണ്. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്നതും വ്യക്തമാണ്.

പൊതു മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് 24.4.2017 ന് ചേർന്ന വർക്കിങ്ങ് ഗ്രൂപ്പ് യോഗത്തിൽ പല റോഡുകൾ ഓരോ കഷ്ണങ്ങൾ ചെയ്യുന്നതിന് പകരം മൊത്തമായി ഒരു റോഡ് പൂർത്തികരിക്കുകയാണ് വേണ്ടത് എന്ന തീരുമാനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പദ്ധതി രൂപീകരണത്തിൽ ഇക്കാര്യം പരിഗണിച്ചിട്ടില്ല എന്ന് പദ്ധതികളുടെ ബാഹുല്ല്യത്തിൽ നിന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

2.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

പദ്ധതി രൂപീകരണം - സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിങ്ങ് ഗ്രൂപ്പ് തീരുമാനങ്ങൾ എന്നിവ പരിഗണിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാൻ വേണ്ടി രൂപീകരിച്ച പ്രൊജക്ടുകളിൽ 90% ഉം റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്.

2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് രേഖപ്പെടുത്തൽ പ്രകാരം ഗ്രമ പഞ്ചായത്തിൽ പൊതു കിണർ 90, പൊതു കുഴൽ കിണർ 75, പൊതു കുളങ്ങൾ 48, ചെറുകിട കുടിവെള്ള പദ്ധതികൾ 35 എന്നിവ ഉണ്ട്. ഇവയിൽ അറ്റകുറ്റപണി ആവശ്യമുള്ളവ ഉണ്ട് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. (കൃത്യമായ എണ്ണം ഇല്ല). എന്നാൽ ഇവക്കായി പദ്ധതികൾ ഒന്നും തന്നെ രൂപീകരിച്ചിട്ടില്ല.

പല റോഡുകളും ഓരോ കഷ്ണങ്ങൾ ചെയ്യുന്നതിന് പകരം മൊത്തമായി ഒരു റോഡ് പൂർത്തികരിക്കുകയാണ് വേണ്ടത് എന്ന് പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് 24.4.2017 ന് ചേർന്ന വർക്കിങ്ങ് ഗ്രൂപ്പ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. 6.3.2018 ന് ചേർന്ന യോഗത്തിൽ പൊതു കുളങ്ങളെല്ലാം സൈഡ് കെട്ടി സംരക്ഷിക്കണമെന്നും വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി രൂപീകരണത്തിൽ അത്തരം നിർദ്ദേശങ്ങളൊന്നും പരിഗണിച്ചിട്ടില്ല എന്ന് വ്യക്തമാണ്.

സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല

വർക്കിങ്ങ് ഗ്രൂപ്പ് യോഗം ചേർന്നാണ് സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിക്കേണ്ടതെങ്കിലും പൊതു മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചതിന്റെ വിവരം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിൽ 450 കിലോമീറ്റർ മൺ റോഡും, 600 കിലോമീറ്റർ കോൺക്രീറ്റ്

റോഡും, 750 കിലോമീറ്റർ കോൺക്രീറ്റ് നടപ്പാതയും, 650 കിലോമീറ്റർ നടപ്പാതയും ആണുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിൽ ടാർ റോഡും, മെറ്റൽ (സോളിങ്ങ്) റോഡും തീരെ ഇല്ല. 20.84 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം മാത്രമുള്ള ഗ്രാമ പഞ്ചായത്തിൽ ഇത്രയധികം നീളത്തിൽ റോഡുകളുണ്ടെന്നത് തികച്ചും അവിശ്വസനീയമാണ്. ഇത് സാധൂകരിക്കുന്നതിന് ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് തികഞ്ഞ അലംഭാവത്തോടെയാണ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

<u>ടെണ്ടർ നടപടികൾ</u>

2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷത്തിൽ താഴെയുള്ളവ ഉൾപ്പെടെ പല പ്രവൃത്തികളും ഇ-ടെണ്ടർ മുഖേനയും നടപ്പിലാക്കിയിട്ടുണ്ട്. 50% ൽ അധികം പ്രവൃത്തികളും എസ്റ്റിമേറ്റ് തുകയിലും കുറഞ്ഞ നിരക്കിലാണ് കരാറുകാർ ഏറ്റെടുത്തിട്ടുള്ളത്.

എന്നാൽ 20.11.2017 ലെ ടെണ്ടർ നടപടികളിലൂടെ ടെണ്ടർ ചെയ്ത 46 പ്രവൃത്തികളിൽ 2 കരാറുകാർ മാത്രമാണ് പങ്കെടുത്തത്. ഈ പ്രവൃത്തികളെല്ലാം എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാർ ഏറ്റെടുത്തിട്ടുള്ളത്. കരാറുകാർ പഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നതിനായി അന്യായമായി സംഘം ചേർന്നതാണ് എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ഇത്തരത്തിലുള്ള ക്രമക്കേടുകൾ തടയുന്നതിന് എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിന് ഗവ. നിർദ്ദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 <u>MGNREGS പ്രവൃത്തികൾ - അപാകതകൾ</u>

MGNREGS മുഖേന നിർവ്വഹിച്ച വിവിധ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ ചുവടെ കാണിച്ച അപാകതകൾ ശ്രദ്ധയിൽ പെട്ടു. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള തോട് സംരക്ഷണ പ്രവൃത്തി, കോഴിക്കൂട് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ അക്രഡിറ്റഡ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 25.2.2019 തീയ്യതി നേരിൽ പരിശോധിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | കുറിപ്പ് |
|---|---|
| തൈക്കാട് തോട് കയർ ഭൂവസ്ത്രം<br>ആകെ മൂല്യ നിർണ്ണയം 484126 | 1. കയർ ഭൂവസ്ത്രം പല ഭാഗങ്ങളിലും ചിതൽ പിടിച്ചും, ദ്രവിച്ചും നശിച്ച് പോയിരിക്കുന്നു.<br>2. പ്രവൃത്തിയുടെ ഇനം 5,6 എന്നിവ പ്രകാരം കയർ ഭൂവസ്ത്രം വിരിച്ചതിന് മുകളിൽ പ്രാദേശികമായി ലഭ്യമായ ചെടികൾ (locally available Shrubs) വെച്ച് പിടിപ്പിച്ചതിന് 89204 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്വാഭാവികമായി മുളച്ച് വരുന്ന പുല്ലുകളും ചെടികളുമല്ലാതെ അപ്രകാരം പ്രത്യേകം നട്ട് പിടിപ്പിച്ച ചെടികൾ പരിശോധന വേളയിൽ കണ്ടില്ല. |
| കോഴിക്കൂട് നിർമ്മാണം (വിജിത)<br>ആകെ മൂല്യ നിർണ്ണയം 92494 | 1.പ്രവൃത്തിയുടെ ഇനം 8 ആയി ചെയ്ത (സ്ട്രക്ചറൽ സ്റ്റീൽ വർക്ക് ഇൻ സിംഗിൾ സെക്ഷൻ) ചുവടെ കാണിച്ച ഇനങ്ങൾ പരിശോധനയിൽ ചെയ്തതായി കണ്ടില്ല.<br>1.ഹൊറിസോണ്ടൽ സപ്പോർട്ട് 32*5mm 26*0.15cm<br>2. ഹൊറിസോണ്ടൽ സപ്പോർട്ട് 32*5mm 14*0.10cm<br>3. റാഫ്റ്റർ ആംഗ്ലയർ 35*35*5mm 6 എണ്ണം. എന്നാൽ പ്രവൃത്തി |

| | |
|---|---|
| | സ്ഥലത്ത് കണ്ടത് 4 എണ്ണം മാത്രം.<br>4. പർലിൻ ആംഗ്ലയർ 35*35*5mm 5 എണ്ണം. എന്നാൽ പ്രവൃത്തി സ്ഥലത്ത് കണ്ടത് 4 എണ്ണം മാത്രം. |
| പട്ടത്ത് വളപ്പ് റോഡ് കോൺക്രീറ്റ് | ഈ പ്രവൃത്തിയിൽ സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികൾക്ക് 2150 രൂപ നിരക്കിൽ ആകെ 32250 രൂപ കൂലി നൽകിയതായി കാണുന്നു. പ്രസ്തുത ജീവനക്കാർക്ക് 2150 രൂപ വേതനം നൽകിയതിനാധാരമാക്കിയ ഉത്തരവ്/സർക്കുലർ ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 14 /26.2.2019 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. പ്രവൃത്തി പൂർത്തീകരിച്ച് ഒരു വർഷം കഴിഞ്ഞതിനാലും, ജല ലഭ്യത കുറവായതിനാലും കയർ ദ്രവിച്ച് നശിച്ച് പോയതാണ്.

2. പ്രവൃത്തി സമയത്ത് കയർ ഭൂ വസ്ത്രം വിരിച്ചതിന് മുകളിൽ കുറുന്തോട്ടി, കറുക, വള്ളിപ്പുല്ല് എന്നിവ നട്ട് പിടിപ്പിച്ചിരുന്നു. എന്നാൽ പ്രളയം വന്നപ്പോൾ ഇവയെല്ലാം നശിച്ച് പോവുകയും കുറ്റിച്ചെടികളും മറ്റ് പാഴ്മരങ്ങളും വളർന്ന് പന്തലിക്കുകയാണുണ്ടായത്.

176865 രൂപ ചെലവിൽ വാങ്ങിയ 720 മീറ്റർ കയർ ഭൂ വസ്ത്രം ആണ് പ്രവൃത്തിക്ക് ഉപയോഗിച്ചത്. വളരെ കുറഞ്ഞ കാലം മാത്രമാണ് ഇവ ഉപയോഗപ്പെട്ടുത്താനായത് എന്ന് പരിശോധനയിൽ ബോധ്യമായി. ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം കയർ ഭൂ വസ്ത്രം വാങ്ങിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

പുൽചെടികൾ വെച്ച് പിടിപ്പിച്ചത് പ്രളയത്തിൽ നശിച്ച് പോയതാണെന്ന മറുപടി അംഗീകരിക്കുന്നു. പരിശോധന വേളയിൽ കയർ ഭൂ വസ്ത്രം വിരിച്ച ഭാഗങ്ങളിൽ സ്വാഭാവികമായി മുളച്ച് വന്ന ചെടികളും മറ്റും കാണുകയുണ്ടായി. തോടിന്റെ വശങ്ങളിൽ ചെടികളും മറ്റും സ്വാഭാവികമായി തന്നെ വളർന്ന് വരുമെന്നതിനാൽ തുടർ വർഷങ്ങളിൽ ഇത്തരം പ്രൊജക്ടുകൾ നിർവ്വഹിക്കുന്നുണ്ടെങ്കിൽ ചെടികളും വൃക്ഷ തൈകളും വെച്ച് പിടിപ്പിക്കുന്ന ഇനം ഒഴിവാക്കേണ്ടതാണ്. 89204 രൂപ ഈ ഇനത്തിന് മാത്രം ചെലവ് വന്നിട്ടുണ്ട്.

3. കോഴിക്കൂട് നിർമ്മാണം. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം 341.272Kg പ്രവൃത്തിയും ചെയ്തിട്ടുണ്ട്, പരിചയ കുറവ് കാരണം അളവ് പുസ്തകത്തിൽ എസ്റ്റിമേറ്റ് പ്രകാരം എഴുതിയതാണെന്ന മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ അപാകതകൾ വരുത്താതെ ശ്രദ്ധിക്കേണ്ടതാണ്.

4. പട്ടത്ത് വളപ്പിൽ റോഡ് കോൺക്രീറ്റ്. ഈ പ്രവൃത്തിക്ക് സ്കിൽഡ്/സെമി സ്കിൽഡ് വിഭാഗങ്ങളിലായി 5 പേർ 7 ദിവസം ജോലി ചെയ്തിരുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനമായതിനാൽ 28.3.2018, 29.3.2018, 30.3.2018 എന്നീ മൂന്ന് ദിവസത്തെ മസ്റ്റർ മാത്രമാണ് ജനറേറ്റ് ചെയ്യാനായത്. ഇത് പ്രകാരം ആകെ 35 തൊഴിൽ ദിനങ്ങളിൽ 15 തൊഴിൽ ദിനങ്ങളുടെ കൂലി മാത്രമേ നൽകാൻ കഴിയുകയുള്ളൂ. ആയതിനാൽ ബാക്കി 20 തൊഴിൽ ദിനങ്ങളുടെ കൂലി കൂടി മുകളിൽ കാണിച്ച് മൂന്ന് ദിവസത്തെ മസ്റ്ററിൽ കൂട്ടി ചേർത്ത് നൽകിയതാണ് എന്നാണ് മറുപടി നൽകിയത്.

ഇത്തരത്തിൽ രേഖകളിൽ കൃത്രിമം കാണിക്കുന്നത് ശരിയായ നടപടിയല്ല. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-10 പൊതു സ്ഥാപനങ്ങളിൽ ബയോ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ പ്രവർത്തി നടപ്പിലായില്ല.

സെക്രട്ടറി നടപ്പിലാക്കിയ പൊതു സ്ഥാപനങ്ങളിൽ ബയോ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി (പ്രൊജക്ട് നം.353/18) പ്രകാരം വട്ടംകുളം GJBS സ്കൂൾ, പി.എച്ച്.സി വട്ടംകുളം, GLPS ശുകപുരം, GBLPS പുളർ എന്നിവിടങ്ങളിൽ ബയോ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി കോസ്റ്റ്ഫോർഡ്ന് 663564 രൂപ നൽകിയിട്ടുണ്ട്. (ബിൽ നം.21/17-18 തി.13.3.18 തുക 221188, ബിൽ നം.30/28.18 തുക 442376)

1105940 രൂപ അടങ്കലുള്ള പ്രവർത്തിക്ക് കോസ്റ്റ്ഫോർഡുമായി 27-2-2018 -ൽ വെച്ച എഗ്രിമെന്റ് പ്രകാരം ഒന്നാം ഗഡു 20% (221188) എഗ്രിമെന്റ് വെക്കുമ്പോഴും, 20% തുക ആദ്യ ഗഡുവിന്റെ 90 ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമ്പോഴും ആണ് നൽകേണ്ടത്. എന്നാൽ എഗ്രിമെന്റ് വെച്ച ഉടനെ 60% തുകയും നൽകുകയാണ് ചെയ്തിട്ടുള്ളത്. സ്ഥല പരിശോധനയുടെ ഭാഗമായി പി.എച്ച്.സി, ശുകപുരം സ്കൂൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിയെങ്കിലും പ്രവൃത്തി നടപ്പിലാക്കിയതായി കണ്ടെത്തിയില്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (3/23.2.2019) നല്കിയതിന് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും പ്രാഥമിക ജോലികൾ ആരംഭിച്ചിട്ടേ ഉള്ളൂ എന്ന മറുപടിയാണ് ലഭ്യമാക്കിയത്. 60% തുക കൈമാറി ഒരു വർഷമായിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തത് ശരിയായ നടപടിയല്ല. എഗ്രിമെന്റിൽ പൂർത്തീകരണ തിയ്യതി രേഖപ്പെടുത്തിയിട്ടുമില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കോസ്റ്റ് ഫോർഡിന് നിർദ്ദേശം നൽകേണ്ടതും പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 ഹാന്റ് പമ്പ് റിപ്പയർ തുക തിരികെ ലഭ്യമാകാനുള്ളത്

സെക്രട്ടറി നിർവ്വഹണം നടത്തിയ ഹാന്റ് പമ്പ് റിപ്പയർ എന്ന പദ്ധതിക്കായി (336/18) 22 ഹാന്റ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനായി ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസിൽ നിന്നും GM/971/17 തി 11/4/17 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 219868 (22x9994) രൂപ ബിൽ നം.13/13.10.17 പ്രകാരം പിൻവലിച്ച് ഭൂജലവകുപ്പിന് നൽകിയിട്ടുണ്ട്. എന്നാൽ ഭൂജല വകുപ്പ് GM/971/17 തി.26.9.18 കത്ത് പ്രകാരം 10 എണ്ണം മാത്രമാണ് റിപ്പയർ ചെയ്തിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി തുക 119928 (12x9994) രൂപ തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി (15/26.2.19) ക്ക് തുക തിരികെ ലഭ്യമായിട്ടില്ലെന്നും ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 119928 രൂപ തടസ്സം ചെയ്യുന്നു.

## 3-12 പി.എം.എ.വൈ പദ്ധതി. വിനിയോഗ സാക്ഷ്യപത്രം മുഴുവൻ ലഭ്യമാക്കിയില്ല. ചെലവു തുക തടസ്സം ചെയ്യുന്നു.

പി.എം.എ.വൈ അധിക വിഹിതം (പ്രൊജക്റ്റ് 202/18) നൽകൽ എന്ന പദ്ധതിക്കായി 190000 രൂപ (ബിൽ നം.12/31.10.17 തുക 145000, ബിൽ നം.23/17.3.18 തുക 45000) പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 26/02/2019 -ൽ ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 95000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 95000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 ലൈബ്രറി സെസ് അടവാക്കിയില്ല.

സർക്കുലർ നം 10088/എൽ/05/ത.സ്വ.ഭ.വ തി.20.9.2005 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക 2 ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടവാക്കേണ്ടതാണെന്നും ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും അടക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2017-18 ൽ ലൈബ്രറി സെസ് അടവാക്കിയതായി കാണുന്നില്ല. ലൈബ്രറി സെസ് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അടവാക്കിയത്- സംബന്ധിച്ച്

2017-18 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ വെള്ളക്കരം ഇനത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | മാസം | വൗച്ചർ നമ്പർ/ തിയ്യതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 04/17 | 21700036/27.04.2017 | 120313 |
| 2 | 05/17&6/17 | 21700115/30.05.2017 | 120313 |
| 3 | 07/17 | 21700281/28.7.2017 | 241305 |
| 4 | 08/17 | 21700335/19.08.2017 | 120313 |
| 5 | 09/17 | 21700398/14.09.2017 | 120313 |
| 6 | 10/17 | 21700482/19.10.2017 | 120313 |
| 7 | 11/17 | 21700590/15.11.2017 | 120313 |
| 8 | 12/17 | 21700664/13.12.2017 | 120313 |
| 9 | 01/18 | 21700740/11.01.2018 | 120313 |
| 10 | 02/18&03/18 | 21700928/16.02.2018 | 240626 |

കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ AB3/1304/04/14.12.16 കത്ത് പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിലെ വെള്ളക്കരം ഇനത്തിലെ പിഴപ്പലിശഒഴിവാക്കി കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം 1.4.14 മുതൽ 31.3.17 വരെയുള്ള വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 3597252 രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. (വൗച്ചർ നം.21700261/22.7.17 തുക 2500000, 21700262/22.7.17 തുക 1097252). 4/14 മുതൽ 3/16 വരെയുള്ള ഡിമാന്റ് നോട്ടീസ് ഫയലിൽ ഇല്ല. വാട്ടർ അതോറിറ്റിയുടെ നോട്ടീസിൽ 4/16 ലെ മുൻബാക്കിയായി 2873651 രൂപ കാണിച്ചിട്ടുണ്ട്. ആയത് എപ്രകാരമാണെന്നുള്ളതിന് മാസം തിരിച്ചുള്ള ഡിമാന്റ് നോട്ടീസ് എന്നിവ ഇല്ല.

നിലവിൽ 275 ടാപ്പുകൾക്ക് പ്രതിമാസം 120313രൂപ അടവാക്കിവരുന്നുണ്ടെങ്കിലും, വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിശ്ചയിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രമാണ് ഡിമാന്റ് നോട്ടീസ് ലഭ്യമാകുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ബന്ധപ്പെട്ട രജിസ്റ്ററിൽ പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ പൊതുടാപ്പുകൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/23.02.2019) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ കുടിവെള്ള ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കണ്ടെത്തേണ്ടതും ആയതിനനുസരിച്ചുള്ള വെള്ളക്കരം മാത്രം അടവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-15 പേ-റിവിഷൻ അരിയർ- ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ പേറിവിഷൻ അരിയർ താഴെ പറയും പ്രകാരം GPF/KPEPF ലേക്ക് അടവാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | തസ്തിക | ഒന്നാം ഗഡു | | രണ്ടാം ഗഡു | |
|---|---|---|---|---|---|---|
| | | | തുക | വൗച്ചർ നം/തി | തുക | വൗച്ചർ നം/തി |
| 1 | പരമേശ്വരൻ പി.ഡി | ജൂനിയർ സൂപ്രണ്ട് | 28625 | 21700321/10.8.2017 | 23016 | 21700666/13.12.17 |
| 2 | സാമുവൽ സി.ജെ | അക്കൗണ്ടന്റ് | 21946 | | 17915 | |
| 3 | ശ്യാമള എം.പി | ക്ളർക്ക് | 25960 | | 20874 | |
| 4 | ചിത്ര പി.എൻ | ക്ളർക്ക് | 26919 | | 1107 | |
| 5 | ലീന നായർ | ഓഫീസ് അറ്റന്റന്റ് | 16390 | | 13718 | |
| 6 | ശ്രീദേവി.കെ.എൻ | ഓഫീസ് അറ്റന്റന്റ് | 15958 | | 12831 | |

| | | | | | | |
|---|---|---|---|---|---|---|
| 7 | സിന്ധു ടി.കെ | ക്ളർക്ക് | 7068 | | 12937 | |
| 8 | അനൂപ്.പി.എസ് | സീനിയർ ക്ളർക്ക് | 13796 | | 11092 | |
| 9 | ഷാജു.ടി.വി | ക്ളർക്ക് | 9639 | | - | |
| 10 | ബഷീർ | ക്ളർക്ക് | - | | 12930 | 21700665/13.12.17 |

എന്നാൽ ഡ്യു-ഡ്രോൺ സ്റ്റേറ്റ്മെന്റ് ഫയലിൽ വൗച്ചറിനോടൊപ്പം ഹാജരാക്കിയിട്ടില്ല. ശ്രീമതി ചിത്ര പി.എൻ ക്ളർക്കിന് നൽകിയ ഒന്നും രണ്ടും ഗഡുക്കൾ തമ്മിൽ ഭീമമായ വ്യത്യാസം കാണുന്നു. ആയത് എപ്രകാരമാണെന്ന് വിശദീകരിക്കേണ്ടതും ഡ്യു-ഡ്രോൺ സ്റ്റേറ്റ്മന്റ് പരിശോധനക്ക് ഹാജരാക്കേണ്ടതും കൂടാതെ അടിസ്ഥാന ശമ്പളത്തിന്റെ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ലെങ്കിൽ ആയത് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-16 മരുന്ന്, ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പദ്ധതികൾ പ്രകാരം മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്നതിന് KMSCL എന്ന സ്ഥാപനത്തിന് പണം മുൻകൂർ നൽകിയെങ്കിലും മരുന്ന് /ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ -

| പദ്ധതി നം, പേര് | മുൻകൂർ നൽകിയ തുക | മരുന്ന്/ ഉപകരണങ്ങൾ ലഭ്യമായത് | അവശേഷിക്കുന്നത് | ബിൽ നം, തിയ്യതി |
|---|---|---|---|---|
| 218/2017-18, പരിരക്ഷ (മരുന്ന് വാങ്ങൽ) | 100000 | 0 | 100000 | 11/17-18/ 23.2.18 |
| | 71400 | 36526 | 34874 | 14/17-18/ 23.2.18 |
| 219/2017-18, പി.എച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 300000 | 102943 | 197057 | 10/17-18/ 23.2.18 |
| 228/2017-18, പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങൽ | 150000 | 25558 | 124442 | 12/17-18/ 23.2.18 |
| 221/2017-18, ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി (മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന്) | 60000 | 0 | 60000 | 13/17-18/ 23.2.18 |
| | | | 516373 | |

അപാകത ചൂണ്ടിക്കാണിച്ച് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-19/27.2.2019) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായിട്ടില്ല എന്ന് അറിയിച്ചു. ആയത് ലഭ്യമാക്കി ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്. മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമാക്കുന്നത് വരെ 516373 രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ആകെ | 312500 | 159/17 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 309000 | 3500 |
| | 850000 | 182/17 നെൽകൃഷി വികസന പദ്ധതി | 850000 | NIL |
| | 125000 | 183/17 കുടുബശ്രീ യുണിറ്റകൾക്കുള്ള നെൽകൃഷി വികസ്ന പദ്ധതി | 125000 | NIL |
| | 35000 | 188/17 കുടുംബശ്രീ യൂണിറ്റകൾക്കുള്ള പച്ചക്കറി വികസ്ന പദ്ധതി | 35000 | NIL |
| | 350000 | 268/17 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 350000 | NIL |
| | 500000 | ബഡ്സ് സ്കൂൾ പുനരുദ്ധാരണം | 0 | 500000 |
| | 2172500 | | 1669000 | 503500 |
| ജില്ലാ പഞ്ചായത്ത് | 312500 | 159/17 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 309000 | 3500 |
| | 850000 | 182/17 നെൽകൃഷി വികസന പദ്ധതി | 850000 | NIL |
| | 127500 | 183/17 കുടുബശ്രീ യുണിറ്റകൾക്കുള്ള നെൽകൃഷി വികസ്ന പദ്ധതി | 127500 | NIL |
| | 100000 | 268/17 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | NIL |
| ആകെ | 13,90,000 | | 13,86,500 | 3,500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | തുക | | | തുക |
| KWA | ഡെപ്പോസിറ്റ് പ്രവൃത്തി | 21600545 | 18000 | 18000 | -- | NIL |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഡെപ്പോസിറ്റ് പ്രവൃത്തി | ബിൽ നമ്പർ 131077 | 219868 | 99940 | ഭാഗികം | 119928 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്: ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ - ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി- ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2010-11 | 4.1.13 | 2014-15 | 2010-11 വർഷം 20243രൂപ ചെലവഴിച്ച് വാങ്ങിയ പവർ ടില്ലർ റീപ്പർ എന്നിവ സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ ഉപേക്ഷിച്ച നിലയിൽ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2005-06 | 2-2 | വാസു കൊല്ലത്തേരി | LF.8591/Spl.Cell /SC.D1/2012 dated 25-02-15 | 8236 | തടസ്സം തുടരുന്നു. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87035191 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80854377 |
| വരവിനങ്ങളിലുള്ള നഷ്ടം | 1350 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 71912 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1514427 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1350 | | ശ്രീ.കെ. രവീന്ദ്രൻ, സെക്രട്ടറി |
| 3-1 | | 7779 | ശ്രീ. സന്തോഷ് കുമാർ, അസി.എഞ്ചിനീയർ |
| 3-2 | | 52504 | ശ്രീ. സന്തോഷ് കുമാർ, അസി.എഞ്ചിനീയർ |
| 3-3 | | 11629 | ശ്രീ. സന്തോഷ് കുമാർ, അസി.എഞ്ചിനീയർ |
| ആകെ | 1350 | 71912 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 90562 | ശ്രീമതി.ഷീബ .എസ്.കൃഷി ഓഫീസർ |
| 3-6 | 20000 | ശ്രീമതി.ഷീബ .എസ്.കൃഷി ഓഫീസർ |
| 3-7 | 9000 | ശ്രീമതി. പ്രേമലത, ഹെഡ് മാസ്റ്റർ |
| 3-10 | 663564 | ശ്രീ.കെ. രവീന്ദ്രൻ, സെക്രട്ടറി |
| 3-11 | 119928 | ശ്രീ.കെ. രവീന്ദ്രൻ, സെക്രട്ടറി |
| 3-12 | 95000 | ശ്രീ.കെ. രവീന്ദ്രൻ, സെക്രട്ടറി |
| 3-16 | 516373 | ശ്രീമതി നീമ വേണുഗോപാൽ,<br>മെഡിക്കൽ ഓഫീസർ, (പി.എച്.സി) |
| ആകെ | 1514427 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ. രവീന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി, വട്ടംകുളം ഗ്രാമ പഞ്ചായത്ത് | കളരിക്കൽ, പള്ളപ്രം, പൊന്നാനി, മലപ്പുറം-679577 |
| ശ്രീ. സന്തോഷ് കുമാർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, വട്ടംകുളം ഗ്രാമ പഞ്ചായത്ത് | മുണ്ടൻവേലി, കൊരട്ടി പി.ഒ., തൃശ്ശൂർ-680308 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1972-73 | എൽ.എഫ്.എം6/392/95 / 18-2-95 | 6 |
| 1974-75 | എൽ.എഫ്.എം6/393/95 / 18-2-95 | 8 |
| 1976-77 | എൽ.എഫ്.എം6/394/95 / 18-2-95 | 3 |
| 1977-78 | എൽ.എഫ്.എം6/395/95 / 18-2-95 | 17 |
| 1979-80 | എൽ.എഫ്.എം6/396/95 / 18-2-95 | 6 |
| 1980-81 | എൽ.എഫ്.എം6/397/95 / 18-2-95 | 3 |
| 1981-82 | എൽ.എഫ്.എം6/398/95 / 18-2-95 | 7 |
| 1982-83 | എൽ.എഫ്.എം6/399/95 / 18-2-95 | 8 |
| 1983-84 | എൽ.എഫ്.എം6/400/95 / 18-2-95 | 21 |
| 1984-85 | എൽ.എഫ്.എം6/402/95 / 18-2-95 | 16 |
| 1986-87,87-88 | എൽ.എഫ്.എം6/403/95 / 18-2-95 | 9 |
| 1988-89,89-90 | എൽ.എഫ്.എം6/573/95 / 01-5-95 | 10 |
| 1990-91 | എൽ.എഫ്.എം6/661/95 / 18-2-95 | 12 |
| 1991-92 | എൽ.എഫ്.എം6/555/95 / 13-8-96 | 12 |
| 1996-97 | എൽ.എഫ്.എം14/558/95 / 13-12-98 | 31 |
| 1997-98 | എൽ.എഫ്.എം12/696/99 / 14-6-02 | 8 |

| | | |
|---|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.എം6/188/06 / 15-7-06 | 21 |
| 1999-00 | എൽ.എഫ്.എം6/189/06 / 15-7-06 | 4 |
| 2002-03 | എൽ.എഫ്.എം7/495/07 / 29-9-07 | 10 |
| 2003-04 | എൽ.എഫ്.എം6/30/09 / 18-4-09 | 13 |
| 2004-05 | എൽ.എഫ്.എം6/31/09 / 18-4-09 | 12 |
| 2005-06 | എൽ.എഫ്.എം6/630/10 / 27-10-10 | 20 |
| 2006-07 | എൽ.എഫ്.എം6/631/10/30-10-10 | 19 |
| 2007-08 | എൽ.എഫ്.എം17/564/11 / 27-2-12 | 23 |
| 2008-09 | എൽ.എഫ്.എം17/565/11 / 13-2-12 | 11 |
| 2009-10 | എൽ.എഫ്.എം17/566/11 / 15-6-11 | 30 |
| 2010-11 | എൽ.എഫ്.എം17/1727/13 / 17-3-14 | 20 |
| 2011-12 , 2012-13 | എൽ.എഫ്.എം17/374/15/ 10.04.15 / 18/04/15 | 20 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം17/2100/2016, 30.8.2016 | 18 |
| 2015-16 | കെ.എസ്.എ.എം.പി.എം17/20/2017, 06.02.17 | 22 |
| 2016-17 | കെ.എസ്.എ.എം.പി.എം10/127/19 തീയതി 03-03-2017 | 26 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

# 4-11

## അനുബന്ധം – 1

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.10/418/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി 25-03-2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ

അനുസരിച്ചും, പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിയ്ക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്